**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2987** **07-10-2025 - ൽ മറുപടിയ്ക്ക്**

**നവകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | നവകിരണം പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (എ) | സംസ്ഥാന സർക്കാർ നവകേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ സുപ്രധാനമായതും, വനം വകുപ്പിന്റെ നേതൃത്വത്തിൽ RKDP,KIIFB എന്നിവയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതുമായ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയാണ് “നവകിരണം' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന പദ്ധതി. 2019 നവംബർ 14 ന് ആരംഭിച്ച പദ്ധതി പ്രകാരം , വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി വിഭാഗത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് സ്വമേധയായുള്ള പുനരധിവാസത്തിന് അവസരം നൽകുന്നു. വനാന്തരങ്ങളിൽ ജീവിക്കുന്ന മനുഷ്യർ നേരിടുന്ന വിവിധ വെല്ലുവിളികളായ മനുഷ്യ-വന്്യജീവി സംഘർഷം, പ്രകൃതി ദുരന്തങ്ങൾ, പരിമിതമായ ജീവിത സൗകര്യങ്ങൾ തുടങ്ങിയവയ്ക്കുള്ള ശാശ്വത പരിഹാരമായാണ് ഈ പദ്ധതിയെ രൂപപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രകാരം ഓരോ അർഹതപ്പെട്ട കുടുംബത്തിനും 15.00 ലക്ഷം രൂപ വീതമാണ് സാമ്പത്തിക പാക്കേജായി നിശ്ച്ചയിചിട്ടുള്ളത്. തുക രണ്ട് ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്. പദ്ധതി പ്രദേശത്ത് താമസമില്ലെങ്കിലും ഭ്ൂമിയുള്ളവർക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. പദ്ധതി പ്രദേശത്ത് താമസിക്കുന്ന അപേക്ഷകർക്ക് പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖ പ്രകാരം ഉപയൂണിറ്റിന് അർഹതയുണ്ട്.<br><br>പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ് ), KIIFB PHASE-II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി , 02.08.2021- |

ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങൾ സ്വമേധയാ അതാത് ഡിവിഷണൽ ഫോറസ്റ്റ്ഓഫീസർക്ക് തങ്ങളുടെ കൈവശഭൂമി മേൽപദ്ധതിയിൽ ഉൾകപ്പെടുത്തുന്നതിനായി അപേക്ഷ നല്കാവുന്നതും , അപേക്ഷകർ ഉൾപ്പെട്ടിട്ടുള്ള സെറ്റിൽമെന്റ് മേൽപദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ അംഗീകൃതമാണോ എന്ന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരിശോധി ക്കുന്നതുമാണ് . ആയത് അംഗീകൃതമാണെങ്കിൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ട ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനെ സ്പെഷ്യൽ ഓഫീസർ, RKDP ക്ക് സമർപ്പിക്കുകയും ആയത് സ്പെഷ്യൽ ഓഫീസർ, RKDP, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച്, ടി സെറ്റിൽമെൻറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അതിലുൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ കൈവശഭ്ൂമി സ്ഥലപരിശോധന , ബന്ധപ്പെട്ട രേഖകളുടെ പരിശോധന തുടങ്ങിയവ നടത്തി ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുകയായ 15 ലക്ഷം രൂപ രണ്ടു ഗഡുക്കളായി നൽകി വരുന്നു. ആദ്യ ഗഡു അനുവദിച്ചതിനു ശേഷം അപേക്ഷകൻ സർക്കാരിലേക്ക് അപ ഭൂമി കൈമാറുന്ന മുറയ്ക്കാണ് പദ്ധതി തുകയുടെ രണ്ടാം ഗഡു അനുവദിക്കുന്നത്.

- ഇപ്രകാരം തിരഞ്ഞെടുക്കുന്ന പദ്ധതി പ്രദേശത്ത് താമസിക്കുന്നവർക്കും ഭൂമിയുള്ളവർക്കും പദ്ധതിയിൽ പങ്കാളികളാവാം. എന്നാൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന വ്യക്തികൾക്ക് അപേക്ഷകനോടൊപ്പം ആശ്രിതനായി താമസിക്കുന്ന താഴെപ്പറയുന്ന വ്യക്തികൾക്ക് ഉപയൂണിറ്റിനും അർഹനാണ് (പതിനഞ്ചു ലക്ഷം രൂപ വീതം).
  1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ),വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.
  2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.
  3, ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

| | | | |
|---|---|---|---|
| | | | 4, അനാഥർ.<br>5. വിധവ അല്ലെങ്കിൽ വിവാഹമോചിത.<br>• രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.<br>• വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ,പ്രായപൂർത്തിയായ മകൻ./മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്<br><br>രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽഅധികമായുള്ള ഓരോ, രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ് .ഇത് പരമാവധി കേരള ലാൻഡ്സീലിങ് പരിധിയായ ആറു ഹെക്ടർ (15 ഏക്കർ) വരെ നിജപ്പെടുത്തിയിരിക്കുന്നു<br><br>നാളിതുവരെ KIIFB 'നവകിരണം' പദ്ധതിയിൽ 173 കുടുംബ യൂണിറ്റുകൾക്ക് പദ്ധതിയുടെ മുഴുവൻ തുകയും അനുവദിക്കുകയും 226 കുടുംബ യൂണിറ്റുകൾക്ക് ഒന്നാം ഗഡു അനുവദിക്കുകയും ഇപ്രകാരം 45.3359 ഹെക്ടർ സർക്കാരിലേക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം 399 കുടുംബ യൂണിറ്റുകൾക്ക് KIIFB പദ്ധതിയിലൂടെ 42.90 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്.<br>RKDP 'നവകിരണം' പദ്ധതിയിൽ നാളിതുവരെ 629 കുടുംബ യൂണിറ്റുകൾക്ക് പദ്ധതിയുടെ മുഴുവൻ തുകയും അനുവദിക്കുകയും 12 കുടുംബ യൂണിറ്റുകൾക്ക് ഒന്നാം ഗഡു അനുവദിക്കുകയും ഇപ്രകാരം 108.7319 ഹെക്ടർ സർക്കാരിലേക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം 641 കുടുംബ യൂണിറ്റുകൾക്ക് RKDP പദ്ധതിയിലൂടെ 95.25 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. |
| (ബി) | വനാശ്രിതർക്ക് വരുമാനം, തൊഴിൽ അവസരം എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | വനാശ്രിതർക്ക് വരുമാനം, തൊഴിൽ അവസരം എന്നിവ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇക്കോ-ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗം വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• 1988-ലെ ദേശീയ വന നയ പ്രകാരം വനവൽക്കരണം, വന സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിൽ വനാശ്രിതരായ പ്രാദേശിക ജന സമൂഹങ്ങളെ ഉൾപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു. |

ഇതിനായി ദേശീയ വന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പങ്കാളിത്ത വനപരിപാലനം സംസ്ഥാനത്ത് 1998 മുതൽ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളെ പങ്കാളികളാക്കി കേരളത്തിലെ 25 ടെറിട്ടോറിയൽ വനം ഡിവിഷനുകളിലും,11 വന്യജീവി വനം ഡിവിഷനുകളിലുമായി 427 വന സംരക്ഷണ സമിതികളും (VSS), 213 ഇക്കോ-ഡെവെലപ്മെന്റ കമ്മിറ്റികളും (EDC's) രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. VSS/EDC അംഗങ്ങൾക്ക് കൂടുതൽ തൊഴിലും, അതുവഴി മെച്ചപ്പെട്ട വരുമാനവും ഉണ്ടാകുന്നതിന് സഹായകരമാകുന്ന വിധത്തിൽ താഴെപ്പറയുന്ന വിവിധ പങ്കാളിത്ത വന പരിപാലന പരിപാടികളിൽ അവരെ പങ്കാളികളാക്കി വരുന്നു.

- ആകെയുള്ള 640 VSS-കളിൽ 166 എണ്ണം ആദിവാസി വന സംരക്ഷണ സമിതികളാണ് (ADSS). ടി സമിതികളിൽ ആദിവാസികൾ മാത്രമാണ് അംഗങ്ങൾ ആയിട്ടുള്ളത്. ടി സമിതികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പങ്കാളിത്ത വന പരിപാലന പരിപാടികളിലെ നേട്ടങ്ങൾ ടി സമിതി അംഗങ്ങൾക്ക് നേരിട്ട് ലഭിക്കുന്നു.
- VSS/EDC അംഗങ്ങളെ ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനത്തിനും, സന്ദർശക സുരക്ഷക്കുമായി ഗൈഡുമാരായി നിയോഗിക്കുന്നു. കൂടാതെ ട്രെക്കിങ്ങ് മുതലായ ഇക്കോട്ടൂറിസം പരിപാടികളിലും ഇവരെ പങ്കെടുപ്പിക്കുന്നു. ഇതുവഴി വനാശ്രിത സമൂഹത്തിലെ അംഗങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് സാധിക്കുന്നു.
- വനാശ്രിതരായ ആദിവാസികളുടെ പ്രധാന തൊഴിലും വരുമാന മാർഗ്ഗവും വനത്തിൽ നിന്നും ലഭിക്കുന്ന ചെറുകിട വനവിഭവങ്ങളുടെ (MFP) ശേഖരണവും വിപണനവുമാണ്. ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന ടി വന വിഭവങ്ങൾക്ക് മെച്ചപ്പെട്ട വിപണിയും വിലയും ലഭിക്കുന്നതിനായി വനം വകുപ്പ് 'വനശ്രീ' പദ്ധതി നടപ്പാക്കുന്നു. ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ സംസ്കരിച്ച്, മൂല്യവർദ്ധനവ് വരുത്തി വനശ്രീയിലൂടെ നേരിട്ട് വിപണനം

ചെയ്യുന്നു. ഇത് ടി വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് സഹായിക്കുന്നു.

- കൂടാതെ വനശ്രീ യൂണിറ്റുകളിൽ വനാശ്രിത സമൂഹത്തിലെ അംഗങ്ങളെയാണ് വിപണത്തിനായും, സംസ്കരണ, മൂല്യവർദ്ധിത പ്രവർത്തികൾക്കായും നിയോഗിക്കുന്നത്. അതുവഴിയും അവർക്ക് തൊഴിലും വരുമാനവും ലഭ്യമാകുന്നു.
- കേന്ദ്ര സർക്കാർ ഏജൻസികളായ ദേശീയ ഔഷധ സസ്യ ബോർഡ് (NMPB) പദ്ധതി വഴിയും, TRIFED ന്റെ ധനസഹായത്തോടെയുള്ള MSP for MFP പദ്ധതി വഴിയും ചെറുകിട വന വിഭങ്ങളുടെ ശേഖരണത്തിനായി ഗോഡൌൺ./ സ്റ്റോറേജ് സംവിധാങ്ങളും, ആധുനിക യന്ത്ര സഹായത്തോടെയുള്ള സംസ്കരണ യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ MSP for MFP പദ്ധതി വഴി പുതിയ വനശ്രീ യൂണിറ്റുകളും, വനശ്രീ യൂണിറ്റുകളുടെ ആധുനിക വൽക്കരണവും നടത്തിയിട്ടുണ്ട്. വനശ്രീ പദ്ധതിയുടെ ആധുനിക വൽക്കരണത്തിലൂടെ കൂടുതൽ വിപണി കണ്ടെത്തുന്നതിനും അത് വനാശ്രിതരുടെ വരുമാന വർദ്ധനവിനും ഉതകുന്നു.
- കേരളത്തിലെ വനത്തിൽ നിന്നും ലഭ്യമാകുന്ന ചെറുകിട വനവിഭവങ്ങളിൽ പ്രധാനമായ ഒന്നാണ് കാട്ടുതേൻ. MSP for MFP പദ്ധതി വഴി തേൻ ശേഖരിക്കുന്ന ആദിവാസികൾക്ക് റിവോൾവിങ് ഫണ്ട് രൂപീകരിച്ച് ധന സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- MSP for MFP പദ്ധതിയിൻ കീഴിൽ കേരളത്തിൽ ലഭ്യമായ 24 ഇനം ചെറുകിട വനവിഭവങ്ങളെ കേന്ദ്ര സർക്കാരിന്റെ ചെറുകിട വന വിഭവങ്ങൾക്കുള്ള താങ്ങുവില പട്ടികയിൽ ഉൾപ്പെടുത്തുവാനും ഈ പദ്ധതി വഴി സാധിക്കുകയും അതിലൂടെ ടി വിഭവങ്ങൾക്ക് മിനിമം തുക ലഭിക്കുന്നതിന് സഹായകരമാവുകയും ചെയ്തിട്ടുണ്ട്.
- എല്ലാവർഷവും SC/ST ഫെഡറേഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വികസന സൊസൈറ്റികൾക്ക് ചെറുകിട വന വിഭവ ശേഖരണത്തിനായി വനം റേഞ്ചുകൾ അനുവദിച്ചു നൽകുന്നു.ഇത്തരത്തിൽ ശേഖരിക്കുന്ന വന വിഭവങ്ങൾ ടി സൊസൈറ്റികൾ നേരിട്ടും ഫെഡറേഷൻ

വഴിയും വിപണനം ചെയ്യുന്നതിലൂടെയും അവർക്ക് വരുമാനം ലഭിക്കുന്നു.

- പ്രധാൻ മന്ത്രി വൻ ധൻ യോജന - വൻ ധൻ വികാസ് കേന്ദ്ര (PMJVM-VDVK 100% CSS) പദ്ധതിക്ക് കീഴിൽ VDVKകൾ രൂപീകരിക്കുന്ന പദ്ധതി സംസ്ഥാന വന വികസന ഏജൻസി (SFDA,KERALA)-യുടെ ആഭിമുഖ്യത്തിൽ 2021-22 മുതൽ വനം വകുപ്പ് നടപ്പാക്കി വരുന്നു. ആദിവാസി വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ ആയി "വൻ ധൻ' സ്റ്റാർട്ടപ്പുകൾ കരുതപ്പെടുന്നു. ആദിവാസി സമൂഹത്തിന്റെ സഹകരണത്തോടെ 'വൻ ധൻ വികാസ് കേന്ദ്ര ക്ലസ്റ്ററുകൾ (VDVKC) സ്ഥാപിക്കുക എന്നതാണ് VDVK പദ്ധതിയുടെ പ്രധാന ആശയം. ഒരു VDVK ക്ലസ്റ്ററിൽ 10 മുതൽ 15 വരെ SHGs ഉണ്ടായിരിക്കും. ഓരോന്നിലും 20 വരെ MFP ശേഖരിക്കുന്നവരോ കരകൗശല വിദഗ്ധരോ ആയ വനാശ്രിതർ ഉൾപ്പെടുന്നു. നിലവിൽ 31 VDVKകൾ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ 442 SHGs കൾ ഉൾപ്പെടുന്നു. പദ്ധതിയിൽ 8138 ട്രൈബൽ സംരംഭകർ പങ്കാളികളാണ്. 31 VDVKകൾ വഴി 63 മൂല്യവർദ്ധിത ചെറുകിട വനവിഭവങ്ങൾ നിലവിൽ വിപണനം ചെയ്തു വരുന്നുണ്ട്. വൻ ധൻ വികാസ് കേന്ദ്ര (VDVK) യിലൂടെ വനാസ്യത സമൂഹങ്ങൾക്ക് വിവിധ വന ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് നടത്തി വില്പന നടത്താൻ അവസരമൊരുക്കുന്നതിന് പുറമെ അവരെ സംരംഭകരാകുന്നതിന് വേണ്ട സാമ്പത്തിക-സാങ്കേതിക സഹായവും ഈ പദ്ധതി വഴി നൽകുന്നുണ്ട്
- പ്രധാൻ മന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ സ്കീം (PMJANMAN-) - PVTG VDVK(100% CSS) പദ്ധതി വഴി കേരളത്തിലെ ആദിവാസി വിഭാഗങ്ങളിലെ അതിദുർബ്ബല വിഭാഗക്കാരായ (Particularly vulnerable tribal groups-PVTG) കാടർ, കുറുമ്പർ, കൊറഗർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ എന്നിങ്ങനെ 5 വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി PVTGVDVK-കൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി TRIFEDന്റെ ധനസഹായത്തോടെ സംസ്ഥാന വന വികസനഏജൻസിയുടെ ആഭിമുഖ്യത്തിൽ

2023-24 മുതൽ നടപ്പാക്കി വരുന്നു.കേരളത്തിൽ നിലവിൽ വയനാട്, പാലക്കാട് ജില്ലകളിലായി ഏഴ് PVTGVDVK-കൾ രൂപീകരിച്ചിട്ടുണ്ട്. ടി PVTGVDV കളിലായി 537 പേർ അംഗങ്ങളാണ്.

- ഇവ കൂടാതെ മണ്ണാർക്കാട് വനം ഡിവിഷന് കീഴിൽ അട്ടപ്പാടിയിലെ കുറുമ്പ, ഇരുള, മുഡഗർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾ ശേഖരിക്കുന്ന ഓഷധ സസ്യങ്ങൾ വി.എസ്.എസ്. മുഖേന ഏകീകരിച്ച് നേരിട്ട് വിവിധ ആയുർവേദ കമ്പനികൾക്ക് വിതരണം ചെയ്യുന്ന 'വനാമൃതം പദ്ധതി, മൂന്നാർ വന്യജീവി ഡിവിഷന് കീഴിൽ (ആനമുടി FBA) 2015-16 വർഷങ്ങളിൽ മില്ലറ്റുകളും മറ്റ് പരമ്പരാഗത കാർഷിക വിളകളും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പുനർജ്ജീവനം' പദ്ധതി, മറയൂർ ഡിവിഷൻ കീഴിൽ ആരംഭിച്ച 'ചില്ല്', 'ഇല' എന്നീ സംരഭങ്ങൾ തുടങ്ങിയ സംരംഭങ്ങളും വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വന വിഭവങ്ങളുടെ മെച്ചപ്പെട്ട വിപണനത്തിനായി ഏർപ്പെടുത്തകയുണ്ടായിട്ടുണ്ട്.
- വനം വകുപ്പ് നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ 50% ആദിവാസികൾ ഉൾപ്പടെയുള്ള VSS/EDC കൾ വഴിയാണ് ചെയ്തുവരുന്നത്.
- കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതി ആദിവാസികൾ ഉൾപ്പടെയുള്ള വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ പങ്കാളിത്ത വന പരിപാലന തത്വത്തിൻ കീഴിലായാണ് നടപ്പാക്കുന്നത്. ടി പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനും, സ്വയം തൊഴിൽ പരിശീലനത്തിനുള്ള അവസരങ്ങളും,VSS/EDC-കളുടെ ശാക്തീകരണ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്.
- കൂടാതെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായും, 700 പേരെ ഫോറസ്റ്റ് വാച്ചർമാരായും വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ചു. ഇതുവഴി ആദിവാസി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും അതുവഴി

മികച്ച വരുമാനവും ജീവിത സാഹചര്യവും ഒരുക്കുന്നതിനും സാധിക്കുന്നു.

സെക്ഷൻ ഓഫീസർ